[ശ്രീ. സി. അച്യുതമേനോൻ]

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ തന്ന വിശദീകരണത്തിൽ ഇതിനെക്കുറിച്ചുള്ള മുഴുവൻ സംഗതികളും സ്പഷ്ടമായിട്ടില്ല. ഇതിനെപ്പറ്റി ഞങ്ങൾക്കു് ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടു്. അതുകൊണ്ടു് ഈ അടിയന്തിരപ്രമേയത്തിനു് അനുമതി തരണമെന്നാണു് എനിക്കു് അങ്ങയോട് അപേക്ഷിക്കുവാനുള്ളതു്.

ശ്രീ. ആർ. ശങ്കർ: സർ, ഇതിനെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിച്ചു് അയച്ചുതരുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. എനിക്കു് ഇതിനെ സംബന്ധിച്ചു് കിട്ടിയിട്ടുള്ള വിവരങ്ങൾ എല്ലാംതന്നെ സഭയിൽ പറഞ്ഞിട്ടുണ്ടു്. പിന്നെ സാധാരണഗതിയിൽ ഉപയോഗിക്കേണ്ടിവരുന്നതിൽ ഏറ്റവും കുറച്ചു ശക്തി മാത്രമേ പോലീസു് അവിടെ ഉപയോഗിച്ചിട്ടുള്ളൂ. അവിടത്തെ സിറ്റുവേഷനെ നിയന്ത്രിക്കേണ്ടതു് കളക്ടറുടേയും, ഡി. എസ്. പി. യുടേയും പ്രത്യേകമായ ചുമതലയിലാണു്. അവർക്കു് അതിനാവശ്യമായ നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടു്. ഇതിൽ എത്രമാത്രം കരുണയോടുകൂടി പ്രവർത്തിക്കാമോ, അത്രയും കരുണയോടുകൂടി പ്രവർത്തിക്കണമെന്നാണു് ഗവണ്മെൻറിൽനിന്നും നിർദ്ദേശിച്ചിട്ടുള്ളതു്. അതിനു കഴിവുള്ള ഒരു കളക്ടറെയാണു് ഇതിലേക്കുവേണ്ടി നിയോഗിച്ചിട്ടുള്ളതു്. അക്കാര്യത്തിൽ വളരെ ആശങ്കപ്പെടാതെ അവരുടെ കർത്തവ്യം നിർവ്വഹിക്കും. അവിടെ നടക്കുന്ന സംഭവങ്ങളെപ്പറ്റിയുള്ള വിവരങ്ങളെല്ലാംതന്നെ ഗവണ്മെൻറിനെ അറിയിക്കണമെന്നും ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഇവിടെ കിട്ടിയിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും ഈ സഭയുടെ മുമ്പാകെ വെച്ചിട്ടുണ്ടു്. കൂടുതലായിട്ടു വല്ല വിവരങ്ങളും ലഭിക്കുകയാണെങ്കിൽ അതിവിടെ പറയുകയും ചെയ്യാവുന്നതാണു്. ഇക്കാര്യത്തിൽ വളരെ കരുതലോടുകൂടിയുള്ള നടപടികൾ ഗവണ്മെൻറു് ഭാഗത്തുനിന്നും എടുക്കാവുന്നതാണു്. അതുകൊണ്ടു് ഇക്കാര്യത്തിൽ ഒരു അടിയന്തിരപ്രമേയത്തിൻറെ ആവശ്യമുണ്ടായിട്ടില്ല.

Mr. Speaker: Order, order. From the facts stated by the Chief Minister it is clear that Government are well aware of the circumstances there and that sufficient precautions have also been taken. One thing is also definitely known that neither firing nor any death has occurred. The Chief Minister has also said that further enquiries on the matter will be conducted. In the light of these facts, I withhold consent to the moving of this adjournment motion.

Alleged interference by the Police in the (ii) Labour Strike at the Purushotham Gokuldas Plywood Factory at Pappinisseri.

Mr. Speaker: Another Motion under Rule 49 from Shri T. C. Narayanan Nambiar has also been received requesting the adjournment of the business of the House to discuss a matter arising out of the strike by the workers in the Plywood Factory at Pappinisseri and the unjust interference by the police.

Minister for Transport and Labour (**Shri K. T. Achuthan**): I shall give the facts on Monday.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: എനിക്കു് അതിനെപ്പറ്റിയുള്ള ഒരു വിശദീകരണത്തിനുള്ള സമയം അനുവദിച്ചുതന്നാൽ കൊള്ളാം.

Shri K. T. Achuthan: I have to collect all information and then I shall give a factual statement on Monday.

LIBRARY ARCHIVES Kerala Legislative Assembly